## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 728 — 03.12.2014 -ൽ മറുപടിക്ക്

## അമൃതം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്തെ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി ആരംഭിച്ച അമൃതം പദ്ധതിയ്ക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം വാർഷിക ക്രമത്തിൽ അറിയിക്കുമോ ;

(എ) സംസ്ഥാന സർക്കാർ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ഈ പദ്ധതി പ്രിവൻഷൻ ഓഫ് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. 2011-12 മുതൽ 2013-14 വരെ പ്രിവൻഷൻ ഓഫ് നോൺ കമ്മ്യൂണിക്കബിൾ എന്ന സ്കീം നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| (1) 2011-12 | 2286.00 | 2241.40 |
| (2) 2012-13 | 450.00 | 438.95 |
| (3) 2013-14 | 800.00 | 598.80 |

2014-15 വർഷത്തിൽ ടി പദ്ധതിയ്ക്ക് 870 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. ഒറ്റത്തവണ അധിക കേന്ദ്രസഹായം എന്ന ഇനത്തിലാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് റിലീസിങ്ങിനുള്ള ഉത്തരവ് ലഭിച്ചാൽ മാത്രമേ ഒറ്റത്തവണ കേന്ദ്ര സഹായം വകയിരുത്തിയിട്ടുള്ള ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(.....2)

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ; | (സി) 'അമൃതം ആരോഗ്യം' പദ്ധതി സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുകയും, ബോധവൽക്കരണം നടത്തുന്നതിനും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ ആരംഭിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |

നാളിതുവരെ ഒരു കോടി പത്തൊൻപത് ലക്ഷത്തിൽപ്പരം ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കുകയും, അതിൽ അഞ്ചര ലക്ഷത്തിലധികം പുതിയ രക്താതി സമ്മർദ്ദ രോഗികളെയും, നാലര ലക്ഷത്തിനു മുകളിൽ പുതിയ പ്രമേഹ രോഗികളെയും കണ്ടെത്തുകയുണ്ടായി. രണ്ട് ലക്ഷത്തോളം പേർക്ക് ഡയബറ്റീസും, രക്താതി സമ്മർദ്ദവും ചേർന്നുള്ളതായി കണ്ടെത്തി. ഇതിനു പുറമെ സ്കൂൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ച ജീവിതശൈലീ രോഗ ബോധന നിയന്ത്രണ പദ്ധതി (എൽ.ഇ.എ.പി) -യിലൂടെ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും, സ്ക്രീനിംഗും, യോഗ പരിശീലനവും നൽകുകയുണ്ടായി.

<u>എൻ.സി.ഡി. പദ്ധതിയുടെ നേട്ടങ്ങൾ.</u>

| | |
|---|---|
| സ്ക്രീൻ ചെയ്ത രോഗികളുടെ മൊത്തം എണ്ണം | 1,19,41,190 (ഒരു കോടി പത്തൊൻപത് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്) |
| പുതിയ ഡയബറ്റിക് കേസുകൾ കണ്ടുപിടിച്ചത് | 4,56,592 (നാല് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട്) |
| പുതിയ ഹൈപ്പർ ടെൻഷൻ കേസുകൾ കണ്ടുപിടിച്ചത് | 5,67,485 (അഞ്ച് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാനൂറ്റി എൺപത്തി അഞ്ച്) |

(.....3)

| | |
|---|---|
| പുതിയ രക്താതി സമ്മർദ്ദവും പ്രമേഹവും കേസുകൾ | 2,63,852 (രണ്ട് ലക്ഷത്തി അറുപത്തി മൂവ്വായിരത്തി എണ്ണൂറ്റി അൻപത്തി രണ്ട്) |

| | |
|---|---|
| (ഡി) ജീവിതശൈലീ രോഗനിയന്ത്രണത്തി നുള്ള മരുന്നുകളുടെ ലഭ്യത സർക്കാർ ഔട്ട്ലെറ്റുകൾ വഴി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി ട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നു കളുടെ ലഭ്യത പ്രാഥമികാരോഗ്യ കേന്ദ്രതലം വരെയുള്ള ആശുപത്രികളിൽ ആരോഗ്യ വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ